അട്ടപ്പാടിയിലെ സ്കൂളുകളിലെ അദ്ധ്യാപകർക്ക് വസ്ത്രങ്ങൾ വാങ്ങുവാൻ അലവൻസ്

960 [1156] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കമ്പിളി വാങ്ങുവാനുള്ള അലവൻസ് നൽകാറുണ്ടോ;

(ബി) ഏറ്റവും ഒടുവിൽ ഈ തുക എന്നാണ് നൽകിയത്;

(സി) ഈ വർഷത്തെ തുക ഈ മാസംതന്നെ വിതരണം ചെയ്യുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി ഒരു ഉദ്യോഗസ്ഥൻ പ്രസ്തുത അലവൻസിന് അർഹമാകുന്ന മുറയ്ക്ക് അത് അനുവദിച്ചുവരികയാണ് ചെയ്യുന്നത്. ഇത് തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയായതിനാൽ അവസാനമായി നൽകിയ തീയതി കൃത്യമായി പറയുവാൻ സാദ്ധ്യമല്ല.

(സി) അദ്ധ്യാപകർക്ക് അവരർഹരാകുന്ന മുറയ്ക്കുതന്നെ അലവൻസ് വിതരണം ചെയ്യുവാൻ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

അട്ടപ്പാടിയിലെ സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഇൻസെന്റീവ് ഗ്രാന്റ്

961 [1157] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഇൻസെന്റീവ് ഗ്രാന്റ് ഇപ്പോഴും നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവസാനമായി എന്നാണ് നൽകിയത്;

(സി) ഇപ്പോൾ എത്ര വർഷത്തെ കുടിശ്ശിക നൽകാനുണ്ട്;

(ഡി) ഈ തുക എന്നത്തേക്ക് വിതരണം ചെയ്യുവാൻ കഴിയും?

ഉത്തരം

(എ) ഇല്ല. ആറാം പഞ്ചവൽസരപദ്ധതിക്കാലംവരെ മാത്രമേ ഇൻസെന്റീവ് ഗ്രാന്റ് കൊടുക്കാൻ ഗവൺമെന്റ് ഉത്തരവുള്ളൂ.

(ബി) 1984 മാർച്ച് വരെ.

(സി) കുടിശ്ശിക ഇല്ല.

(ഡി) മുൻ ചോദ്യത്തിന് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly